# പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 816 — 25.07.2012-ൽ മറുപടിക്ക്

## ചികിത്സയ്ക്കും പരിശോധനകൾക്കും സ്റ്റാൻഡേർഡ് നിരക്കുകൾ

### ചോദ്യം

ശ്രീ. കെ.എം.ഷാജി :
,, റ്റി.എ.അഹമ്മദ് കബീർ :
,, സി.മമ്മൂട്ടി :
,, പി.ബി. അബ്ദുൾ റസാക് :

(എ) സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികളിൽ ചികിത്സ തേടാൻ നിർബന്ധിതരാകുന്ന പാവപ്പെട്ട രോഗികളെ ചൂഷണം ചെയ്യുന്നതു തടയാൻ എന്തൊക്കെ മുൻകരുതൽ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വ്യക്തമാക്കുമോ ;

(ബി) ചികിത്സയും പരിശോധനകൾക്കും സ്റ്റാൻഡേർഡ് നിരക്കുകൾ നിശ്ചയിച്ച് പ്രസിദ്ധപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ ;

(സി) സൗകര്യങ്ങളുടെ അടിസ്ഥാനത്തിൽ ആശുപത്രികളുടെ ഗ്രേഡ് നിശ്ചയിച്ച് പരമാവധി ചികിത്സാനിരക്കുകൾ നിശ്ചയിച്ച് പ്രസിദ്ധപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ?

### മറുപടി

ശ്രീ.വി.എസ്.ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി)

(എ), (ബി) & (സി) :

സംസ്ഥാനത്ത് സ്വകാര്യ ആശുപത്രികളുടെ പ്രവർത്തനം നിയന്ത്രിക്കുന്നതിലേക്കായി ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ തയ്യാറാക്കി നിയമ വകുപ്പിന്റെ പരിശോധനയ്ക്ക് വിട്ടിരിക്കുകയാണ്. ടി ബിൽ നിലവിൽ വരുന്നതോടെ സ്വകാര്യ ആശുപത്രികളുടെ മേൽ വ്യക്തമായ നിയന്ത്രണം ഉണ്ടാകുകയും അതുവഴി ചൂഷണത്തിൽ നിന്നും സാധാരണക്കാരായ രോഗികളെ സഹായിക്കുവാൻ സാധിക്കുകയും ചെയ്യും എന്ന് കരുതുന്നു. സ്വകാര്യ ആശുപത്രികൾക്ക് രോഗികളിൽ നിന്നും ഈടാക്കേണ്ട തുക പ്രദർശിപ്പിക്കേണ്ടതാണെന്ന് കരട് രേഖയിൽ വ്യവസ്ഥയുണ്ട്. എന്നാൽ സർക്കാരിന് നിരക്കുകൾ നിശ്ചയിച്ച് നൽകാൻ ഉദ്ദേശമില്ല.

സെക്ഷൻ ഓഫീസർ